അതനുസരിച്ച് കരാർ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി ലേബർ കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും ആ ലിസ്റ്റ് സംബന്ധിച്ച് പരാതികൾ പരിശോധിയ്ക്കാൻ അഡീഷണൽ ലേബർ കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും നിയമിക്കണമെന്ന ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

കൊണ്ടോട്ടി മോഡൽ സെക്ഷൻ ഓഫീസ്

194 (4257) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള കൊണ്ടോട്ടി സെക്ഷൻ ഓഫീസ് മോഡൽ സെക്ഷൻ ഓഫീസ് ആക്കി മാറ്റിയിട്ടുണ്ടോ ;

(ബി) എങ്കിൽ കൊണ്ടോട്ടി സെക്ഷനിൽ, ജീവനക്കാരുടെ ഒഴിവുകൾ, ഉപഭോക്താക്കളുടെ എണ്ണം എന്നിവ നിലവിലെ മാനദണ്ഡം അനുസരിച്ച് ഉള്ളതാണോ, അല്ലെങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോഡൽ സെക്ഷന്റെ മാനദണ്ഡം അനുസരിച്ച് വേണ്ടത്ര ജീവനക്കാർ കൊണ്ടോട്ടി സെക്ഷനിൽ ഇപ്പോഴില്ല. ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് വൈദ്യുത വകുപ്പിന്റെ കീഴിലുള്ള ഒഴിവുകൾ

195 (4258) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് വൈദ്യുത വകുപ്പിന്റെ കീഴിൽ വിവിധ ആഫീസിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓരോ ഒഴിവുകളും എത്ര കാലമായിട്ടുണ്ടെന്നും എന്നത്തേക്ക് പ്രസ്തുത ഒഴിവുകൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഓഫീസുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	– 4
2.	അസിസ്റ്റന്റ് എഞ്ചിനീയർ	– 1
3.	സബ് എഞ്ചിനീയർ	– 16
4.	ഓവർസിയർ	– 35
5.	മീറ്റർ റീഡർ	– 64
6.	സീനിയർ സൂപ്രണ്ട്	– 14
7.	സീനിയർ അസിസ്റ്റന്റ്	– 21
8.	കാഷ്യർ	– 18
9.	സ്റ്റെനോഗ്രാഫർ	– 3
10.	ഡ്രൈവർ	– 8
11.	ടൈപ്പിസ്റ്റ്	– 1

(ബി) മേൽപ്പറഞ്ഞ ഒഴിവുകൾ കാലാകാലങ്ങളിൽ ട്രാൻസ്ഫർ മുഖേനയും പ്രമോഷൻ മുഖേനയും ഉണ്ടാകുന്ന ഒഴിവുകളാണ്. അത് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. സ്ഥിരമായി ഒഴിഞ്ഞുകിടക്കാറില്ല. പ്രമോഷൻ വഴിയും ട്രാൻസ്ഫർ മുഖേനയും പുതിയ നിയമനങ്ങൾ നൽകിയും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചുവരികയാണ്.

ഊർജ്ജമിഷൻ പദ്ധതിയുടെ പേരിൽ അനെർട്ടിൽ കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും വാങ്ങിയ നടപടി

196 (4259) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജമിഷൻ പദ്ധതിയുടെ പേരിൽ അനെർട്ടിൽ ടെൻഡറില്ലാതെ കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം എത്ര തുകയുടെ സാമഗ്രികളാണ് ആകെ വാങ്ങിയത് ;

LIBRARY ARCHIVES Kerala Legislative Assembly